# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 26.01.2026**

1. രാജ്യം 77-ാമത് റിപ്പബ്ലിക് ദിനാഘോഷ നിറവിൽ. സൈനിക ശക്തിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും ദൃശ്യവിരുന്നിന് സാക്ഷിയായി ന്യൂഡൽഹിയിലെ കർത്തവ്യ പഥ്.
2. റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു; മുഖ്യാതിഥികളായി യൂറോപ്യൻ യൂണിയൻ നേതാക്കൾ.
3. സംസ്ഥാനത്തും വിപുലമായ റിപ്പബ്ലിക ദിനാഘോഷ പരിപാടികൾ; തലസ്ഥാനത്ത് ഗവർണറും ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരും ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.
4. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് മുന്നേറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ.
5. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ച നാളെ നിയമസഭയിൽ പുനഃരാരംഭിക്കും.
6. ന്യൂസിലന്റിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ.

&&&&&&&&&&&&&&

RNUTVPM

## റിപ്പബ്ലിക് ദിന പരേഡ്

രാജ്യം 77-ാമത് റിപ്പബ്ലിക് ദിനാഘോഷ നിറവിൽ. ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിച്ചു. യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും പരേഡിൽ മുഖ്യാതിഥികളായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചതോടെയാണ് റിപ്പബ്ലിക് ദിന ചടങ്ങുകൾക്ക് തുടക്കമായത്. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തിന്റെയും സൈനിക ശക്തിയുടെയും സവിശേഷമായ സംയോജനമായി കർത്തവ്യ പഥിലെ റിപ്പബ്ലിക് ദിന പരേഡ്. 'സ്വാതന്ത്ര്യത്തിന്റെ മന്ത്രം: വന്ദേമാതരം', 'സമൃദ്ധിയുടെ മന്ത്രം: ആത്മനിർഭർ ഭാരത്' എന്നതാണ് ഈ വർഷത്തെ പ്രമേയം. സായുധ സേന, അർദ്ധ സൈനിക വിഭാഗം, എൻസിസി, എൻഎസ്എസ് എന്നിവയിൽ നിന്നുള്ള യൂണിറ്റുകൾ ഉൾപ്പെടുന്ന ആചാരപരമായ മാർച്ച് പാസ്റ്റ് നടന്നു. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള മുപ്പത് ടാബ്ലോകൾ പരേഡിൽ പ്രദർശിപ്പിച്ചു. വ്യോമസേനയുടെ അഭ്യാസ പ്രകടനവും പരേഡിന്റെ മുഖ്യ ആകർഷണമായി.

************************

## ശുഭാംശു ശുക്ല - അശോക ചക്ര

അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം കുറിച്ച വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയെ അശോക ചക്ര നൽകി ആദരിച്ച് രാജ്യം. കർത്തവ്യ പഥിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കിടെ രാഷ്ട്രപതി ദ്രൗപദി മുർമു അദ്ദേഹത്തിന് അശോക ചക്ര സമ്മാനിച്ചു. 70 സായുധ സേനാ ഉദ്യോഗസ്ഥർക്കുള്ള ധീരതാ പുരസ്കാരങ്ങൾ ഇന്നലെ രാഷ്ട്രപതി പ്രഖ്യാപിച്ചിരുന്നു. ഗ്രൂപ്പ്

RNU TVPM

ക്യാപ്റ്റനും മലയാളിയുമായ പ്രശാന്ത് ബാലകൃഷ്ണൻ നായർ, മേജർ അർഷ്ദീപ് സിംഗ്, നായിബ് സുബേദാർ ദോലേശ്വർ സുബ്ബ സിംഗ് എന്നിവർ കീർത്തി ചക്ര പുരസ്കാരത്തിനും അർഹരായി.

*************************

## ഉപരാഷ്ട്രപതി - റിപ്പബ്ലിക് ദിനം

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാജ്യത്തും വിദേശത്തുമുള്ള പൗരന്മാർക്ക് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ആശംസകൾ നേർന്നു. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളിൽ സ്ഥാപിതമായ ഊർജ്ജസ്വലമായ ഒരു റിപ്പബ്ലിക്കായി ഇന്ത്യയെ ആഘോഷിക്കുന്ന ദിനമാണിതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

*************************

## പ്രധാനമന്ത്രി - റിപ്പബ്ലിക് ദിനാശംസംകൾ

രാജ്യത്തെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസംകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള കൂട്ടായ ദൃഢനിശ്ചയത്തിന് ഈ അവസരം പുതിയ ഊർജ്ജവും ആവേശവും പകരട്ടെയെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

*************************

## ഗവർണർ (ഇൻട്രോ)

2047 ൽ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ വികസിത കേരളത്തിന് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ച് കൈ കോർത്ത് മുന്നേറണമെന്നും ഗവർണർ പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന 77-ാമത് റിപ്പബ്ലിക് ദിന ആഘോഷത്തിൽ ഗവർണർ ദേശീയ പതാക നിവർത്തി.

(ഹോൾഡ് വോയ്സ്.....)

നമ്മുടെ സംസ്കാരത്തിൽ ജനാധിപത്യം ആഴത്തിൽ വേരോടിയിരിക്കുന്നതായി പറഞ്ഞ ഗവർണർ ആദി ശങ്കരാചര്യർ മുതൽ ശ്രീ നാരായണ ഗുരു വരെയുള്ളവർ രാജ്യത്തിന് നൽകിയ സംഭാവനകളെ കുറിച്ചും പരാമർശിച്ചു. വിവിധ സേനാ വിഭാഗങ്ങളുടെയും എൻസിസി, എൻഎസ്എസ്, സ്കൗട്ട്സ് എന്നീ വിഭാഗങ്ങളുടെയും നേതൃത്വത്തിൽ നടന്ന പരേഡിൽ ഗവർണർ അഭിവാദ്യം സ്വീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയനും വിവിധ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

*************************

**റിപ്പബ്ലിക് ദിനാഘോഷം - കേരളം (ഇൻട്രോ)**

77-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തും വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ജില്ലാ ആസ്ഥാനങ്ങളിൽ നടന്ന പരിപാടികളിൽ മന്ത്രിമാർ പങ്കെടുത്തു.

**വിശദാംശങ്ങളിലേക്ക്..........**

**(ഹോൾഡ് വോയ്സ്..............................)**

*കൊല്ലം ജില്ലാതല റിപ്പബ്ലിക് ദിനാഘോഷത്തിന് മന്ത്രി കെ. ബി. ഗണേശ് കുമാർ നേതൃത്വം നൽകി. പത്തനംതിട്ട ജില്ലയിൽ നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ മന്ത്രി വീണാ ജോർജ് അഭിവാദ്യം സ്വീകരിച്ചു. കോട്ടയത്ത് മന്ത്രി വി.എൻ. വാസവൻ, ആലപ്പുഴ മന്ത്രി പി.പ്രസാദ്, ഇടുക്കിയിൽ മന്ത്രി റോഷി അഗസ്റ്റിൻ എന്നിവർ ദേശീയ പതാക നിവർത്തി അഭിവാദ്യം സ്വീകരിച്ചു. എറണാകുളത്ത് മന്ത്രി പി രാജീവ്, തൃശൂർ മന്ത്രി കെ രാജൻ, പാലക്കാട് മന്ത്രി കെ. കൃഷ്ണൻ കുട്ടി, മലപ്പുറത്ത് മന്ത്രി വി.അബ്ദുറഹ്മാൻ, കോഴിക്കോട് മന്ത്രി പി എ മുഹമ്മദ് റിയാസ്, വയനാട് മന്ത്രി ഒ ആർ കേളു, കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, കാസർകോട് മന്ത്രി എ കെ ശശീന്ദ്രൻ എന്നിവർ പതാക നിവർത്തി അഭിവാദ്യം സ്വീകരിച്ചു. പ്രധാനമന്ത്രി ദേശീയ ബാല പുരസ്കാരം ലഭിച്ച മുഹമ്മദ്*

RMU TVPM

*സിദാനെ പാലക്കാട് നടന്ന റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ മന്ത്രി കെ കൃഷ്ണൻകുട്ടി ആദരിച്ചു. വിവിധയിടങ്ങളിൽ പരേഡിന് ശേഷം സ്കൂൾ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.........*

************************

**ലോക്ഭവൻ, നിയമസഭ - റിപ്പബ്ലിക്**

റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക നിവർത്തി. നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ എ എൻ ഷംസീർ ദേശീയ പതാക നിവർത്തി. സുരക്ഷാ ഉദ്യോഗസ്ഥരുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച സ്പീക്കർ നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ പുഷ്പാർച്ചന നടത്തി.

************************

**റിപ്പബ്ലിക്ക് ദിനം - പോലീസ് ആസ്ഥാനം**

സംസ്ഥാന പോലീസ് ആസ്ഥാനത്ത് റിപ്പബ്ലിക്ക് ദിനം സമുചിതമായി സംഘടിപ്പിച്ചു. വഴുതക്കാട് പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ നടന്ന ചടങ്ങിൽ ഹെഡ് ക്വാർട്ടേഴ്സ് എ.ഡി.ജി.പി എസ് ശ്രീജിത്ത് പുഷപചക്രം അർപ്പിച്ച ശേഷം സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. തിരുവന്തപുരം നഗരസഭയിൽ മേയർ വി. വി. രാജേഷ് ദേശീയ പതാക നിവർത്തി.

************************

**റിപ്പബ്ലിക്ക് ദിനാഘോഷം : ആകാശവാണി**

തിരുവനന്തപുരം ആകാശവാണിയിൽ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി നിലയം മേധാവി ഡോ എ ജി ബൈജു ദേശീയ പതാക നിവർത്തി. വഴുതക്കാട് ആകാശവാണി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സ്ഥാപനത്തിലെ ജീവനക്കാർ പങ്കുചേർന്നു.

RNU TVPM

************************

## റിപ്പബ്ലിക്ക് - ലക്ഷദ്വീപ്

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും 77-ാമത് റിപ്പബ്ലിക്ക് ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കവരത്തി സ്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ഔദ്യോഗിക ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ് ബി ദീപക് കുമാർ ദേശീയ പതാക നിവർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

************************

## നിയമസഭ

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനം നാളെ പുനരാരംഭിക്കും. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച നാളെ നടക്കും. നന്ദിപ്രമേയം വ്യാഴാഴ്ച ടി പി രാമകൃഷ്ണൻ, MLA അവതരിപ്പിച്ചിരുന്നു.

RNU TVPM

************************

## എസ്ഐആർ

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം.

************************

## പി നാരായണൻ (ഇൻട്രോ)

പദ്മ പുരസ്കാരത്തിൽ കേരളത്തിന് അഭിമാന നേട്ടം. പദ്മവിഭൂഷൺ, പദ്മഭൂഷൺ, പദ്മശ്രീ എന്നീ ബഹുമതികൾക്ക് സംസ്ഥാനത്ത് നിന്ന് എട്ടു പേരാണ് അർഹരായത്. പദ്മശ്രീ പുരസ്കാരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് മുതിർന്ന മാധ്യമപ്രവർത്തകനും ജന്മഭൂമി പത്രത്തിന്റെ സഹസ്ഥാപകനുമായ ശ്രീ പി നാരായണൻ പ്രതികരിച്ചു.

(ഹോൾഡ് വോയിസ്)

************************

## ക്രിക്കറ്റ്

ന്യുസിലന്റിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നലെ നടന്ന മൂന്നാം മത്സരത്തിൽ ഇന്ത്യ എട്ട് വിക്കറ്റ് ജയം നേടി. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പര 3 -0 ന് ഇന്ത്യ സ്വന്തമാക്കി. പരമ്പരയിലെ അടുത്ത മത്സരം ബുധനാഴ്ച വിശാഖപട്ടണത്ത് നടക്കും.

************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 07.30 ന് വഡോദരയിലാണ് മത്സരം.

************************

## സ്വർണവില

സ്വർണ വിലയിൽ റെക്കോഡ് വർധന. പവന് 1,800 രൂപ വർധിച്ച്, ഒരു ലക്ഷത്തി 19,320 രൂപയും, ഗ്രാമിന് 14,915 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

************************

## കടന്നപ്പള്ളി - ദേഹാസ്വാസ്ഥ്യം

കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ രാവിലെ നടന്ന റിപ്പബ്ളിക്ക് ദിനാചരണ പരിപാടിക്കിടെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിക്ക് ദേഹാസ്വാസ്ഥ്യമുണ്ടായി. ഉടൻ തന്നെ പോലിസും ആരോഗ്യ വകുപ്പ് അധികൃതരും ചേർന്ന് അദ്ദേഹത്തെ ആശുപത്രിയിലേക്ക് മാറ്റി. മന്ത്രിയുടെ ആരോഗ്യ നില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

************************

## പ്രത്യേക ചർച്ച

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ

പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. നാളെ ഉച്ചയ്ക്ക് 1.45 ന് കാർഷികരംഗത്തിന്റെ ശാക്തീകരണം സംബന്ധിച്ച് ICAR കൃഷി വിജ്ഞാന കേന്ദ്ര മിത്രനികേതൻ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജി ചിത്രയുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

************************

**പാർലമെന്റ് ബജറ്റ് സമ്മേളനം**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

************************

**കണ്ണൂർ - ലോറി മറിഞ്ഞു**

കണ്ണൂർ മുഴപ്പിലങ്ങാട് മഠത്തിനടുത്ത് ലോറി മറിഞ്ഞ് വഴി യാത്രക്കാരൻ മരിച്ചു. മുഴപ്പിലങ്ങാട് ബീച്ചിലെ ജയ്സൺ ആണ് മരിച്ചത്. 45 വയസ്സായിരുന്നു. ഇന്ന് പുലർച്ചെ ആണ് അപകടം.

************************

**ഹജ്ജ് ഇൻസ്പെക്ടർ**

സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടർമാർക്കുള്ള ദ്വിദിന പരിശീലനപരിപാടി മുംബൈയിൽ സമാപിച്ചു. ഹജ്ജിനായി വിമാനത്താവളത്തിൽ നിന്ന് യാത്ര തുടങ്ങുന്നതു മുതൽ ഹജ്ജ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തുന്നതുവരെ തീർത്ഥാടകരുടെ വിവിധ കാര്യങ്ങളിൽ ഔദ്യോഗികവിഷയങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് 150 പേർക്ക് ഒരാൾ എന്ന നിലയിൽ സ്റ്റേറ്റ് ഹജ്ജ് ഇൻസ്പെക്ടറെ നിയമിക്കുന്നത്. ദേശീയ തലത്തിൽ നടത്തുന്ന ഓൺലൈൻ പരീക്ഷ, അഭിമുഖം

RNUTVPM

എന്നിവയിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരാണ് പരിശീലനം പൂർത്തിയാക്കിയത്.

*

*******

****************************************

RNU TVPM